# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5594 — 02.11.2016 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലെ താൽക്കാലിക നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ സഹകരണ ബാങ്കുകളിൽ പി.എസ്.സി യ്ക്ക് വിട്ട അംഗീകൃത തസ്തികകളിൽ, പി.എസ്.സി നിയമനം നടത്തുന്നത് വരെ താൽകാലിക നിയമനം നടത്തുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ; | (എ) | ജില്ലാ സഹകരണ ബാങ്കുകളിൽ പി.എസ്.സി യ്ക്ക് വിട്ട അംഗീകൃത തസ്തികകളിൽ നിയമനം നടത്തുന്നതിന് കാലതാമസം വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലിക അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് നിയമനം നടത്താവുന്നതാണ്. |
| (ബി) | ഗവൺമെന്റ്/ സഹകരണ രജിസ്റ്റാർ അംഗീകരിച്ച തസ്തികകൾക്ക് പുറമെ ജില്ലാ സഹകരണ ബാങ്കുകളിൽ കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ; | (ബി) | ജില്ലാ സഹകരണ ബാങ്കുകളിൽ കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ല. |
| (സി) | അംഗീകാരമില്ലാത്ത തസ്തികകളിലും, പി.എസ്.സിക്ക് വിട്ട അംഗീകൃത തസ്തികകളിലും കരാർ, താൽകാലിക നിയമനങ്ങൾ നടത്തിയ ജില്ലാ സഹകരണ ബാങ്കുകൾ ഏതൊക്കെയാണ്; ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തി; എത്രപേരെ നിയമിച്ചു; ഓരോ തസ്തികയ്ക്കും അനുവദിക്കുന്ന വേതനം, | (സി) | 14 ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

ഓരോരുത്തരെയും നിയമിച്ച തീയതി, ഇത്തരം കരാർ, താൽകാലിക നിയമനങ്ങൾ ഓരോന്നും നടത്തുന്നതിന് പാലിച്ച നടപടിക്രമങ്ങൾ തുടങ്ങിയ വിവരങ്ങൾ പട്ടിക തിരിച്ച് വിശദമാക്കാമോ;

(ഡി) കരാർ, താൽകാലിക നിയമനങ്ങൾ ഓരോന്നിനും അനുവദിക്കുന്ന വേതന വർദ്ധനവ് സർക്കാർ ഉത്തരവുകൾ പ്രകാരവും നിയമപരവുമായിട്ടാണോ; വിശദമാക്കാമോ;

(ഇ) ജില്ലാ സഹകരണ ബാങ്കുകളിൽ അംഗീകാരമില്ലാത്ത തസ്തികകളിലും, പി.എസ്.സിയ്ക്ക് വിട്ട അംഗീകൃത തസ്തികകളിലും സുതാര്യമല്ലാതെ നടത്തിയ താൽകാലിക, കരാർ നിയമനങ്ങളിലെ ക്രമക്കേടുകൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; ക്രമരഹിത/ നിയമവിരുദ്ധ നിയമനങ്ങൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന താത്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ നിരക്കിലാണ് വേതനം നൽകുന്നത്.

(ഇ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ സഹകരണ നിയമത്തിനും ചട്ടത്തിനും, റിക്രൂട്ട്മെന്റ് റൂൾസുകൾക്കും വിധേയമായി മാത്രമേ നിയമനങ്ങൾ നടത്തുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശമടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും അനധികൃത നിയമനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ